# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/62/2018 2018 മാർച്ച് 22

## പത്രക്കുറിപ്പ്

### അത്യാധുനിക വിവര വിനിമയ സങ്കേതങ്ങളുമായി എം.ജി.യിൽ ഹൈടെക് ക്ലാസ്മുറികൾ

അത്യാധുനിക വിവര വിനിമയ_സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പഠനവിഭാഗങ്ങളിൽ ക്ലാസ്മുറികൾ ഇ-ക്ലാസ് മുറികളായി മാറും. അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളിൽ ഗുണമേന്മ ഉറപ്പാക്കാനുള്ള സർവ്വകലാശാലയുടെ പരിശ്രമത്തിന്റെ ഭാഗമായി സർവ്വകലാശാലാ പഠനവകുപ്പുകൾ, അന്തർ സർവ്വകലാശാലാ പഠനകേന്ദ്രങ്ങൾ, അഫിലിയേറ്റഡ് കോളേജുകൾ, ഉന്നത അക്കാദമിക സ്ഥാപനങ്ങൾ തുടങ്ങിയവ തമ്മിൽ ഓൺലൈൻ ബന്ധത്തിലൂടെ അക്കാദമിക വിനിമയത്തിനായി പൂർണ്ണ സമയ കണക്ടിവിറ്റി ലഭ്യമാക്കുന്ന കാമ്പസ് വൈഫൈ പദ്ധതിയും ഇതോടൊപ്പം നടപ്പിലാക്കും. ആധുനിക ഡിജിറ്റൽ കണ്ടന്റ് ക്രിയേഷൻ ലാബും കാമ്പസിൽ സ്ഥാപിക്കുന്നതിനും നടപടികളായി. ഈ പദ്ധതികളെല്ലാം പഠനവിഭവങ്ങളുടെ ഓൺലൈൻ കൈമാറ്റത്തിന് സ്ഥിരവും സുഗമവുമായ സംവിധാനം സർവ്വകലാശാലയിലൊരുക്കും. ഇതിലൂടെ വിദേശ സ്ഥാപനങ്ങളും ഉന്നത ഗവേഷണ പഠന സ്ഥാപനങ്ങളും തമ്മിൽ അക്കാദമിക വിനിമയം സാധ്യമാവുകയും സർവ്വകലാശാലാ, കോളേജ് വിദ്യാർത്ഥികൾക്ക് ആഗോള നിലവാരമുള്ള പഠന സൗകര്യങ്ങൾ ലഭ്യമാകുകയും ചെയ്യും. ഉയർന്ന ശേഖരണശേഷിയുള്ള മീഡിയ സെർവ്വർ, എളുപ്പത്തിൽ ഉപയോഗിക്കാവുന്ന പഠന മാനേജ്മെന്റ് സോഫ്ട്വെയറുകളും ഇതിനായി പ്രയോജനപ്പെടുത്തും. അത്യാധുനിക റെക്കോർഡിംഗ് സ്റ്റുഡിയോ കണ്ടന്റ് ക്രിയേഷൻ ലാബിനോടനുബന്ധിച്ച് സ്ഥാപിക്കും. ഇതിന്റെ ഭാഗമായി കാമ്പസിലെ വിവിധ പഠന വകുപ്പുകൾ സർവ്വകലാശാലാ ലൈബ്രറി, ഭരണ, പരീക്ഷാ വിഭാഗങ്ങൾ തുടങ്ങിയവയെ ബന്ധിപ്പിച്ചുകൊണ്ട് 4 കി.മീറ്റർ ദൈർഘ്യമുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിൾ നെറ്റ്വർക്ക് വിന്യസിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് അന്തർദ്ദേശീയ നിലവാരമുള്ള പഠന ബോധന സംവിധാനമൊരുക്കുന്ന ഇന്ത്യയിലെ മുൻനിര സർവ്വകലാശാലകളിൽ ഒന്നായി എം.ജി. മാറുമെന്നും ഏപ്രിൽ 18 മുതൽ ഇ-ക്ലാസ്സ്റൂം സംവിധാനം സർവ്വകലാശാലയിൽ നിലവിൽ വരുമെന്നും വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു. മൂന്നരക്കോടി മുതൽമുടക്കുള്ള ഈ പദ്ധതി സർവ്വകലാശാലയിൽ ഏറ്റെടുത്തു നടപ്പാക്കുന്നത് കെൽട്രോൺ കമ്പനി ആണ്.

**അപേക്ഷാ തീയതി**

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ ഒന്നാം സെമസ്റ്റർ എം.ഫിൽ സുവോളജി (2015 - 2016 ബാച്ച്) പരീക്ഷ ഏപ്രിൽ 17ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 27 വരെയും 50 രൂപ പിഴയോടെ ഏപ്രിൽ 2 വരെയും 500 രൂപ സൂപ്പർഫൈനോടെ 4 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ**

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്., 2017 അഡ്മിഷൻ റഗുലർ & 2013 മുതൽ 2016 വരെ അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 26, 27, 28 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഡ്യുവൽ ഡിഗ്രി എം.സി.എ. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 2 മുതൽ 6 വരെ തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ.

**<u>എം.ഫിൽ എജ്യൂക്കേഷൻ സംവരണ സീറ്റൊഴിവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2017-18ൽ എം.ഫിൽ എജ്യൂക്കേഷൻ കോഴ്സിന് പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായവർ മാർച്ച് 26ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഹാജരാകേണ്ടതാണ്. ഫോൺ: 0481 - 2731042.

**<u>പരീക്ഷാഫലം</u>**

2017 നവംബറിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ്, എം.എ. മലയാളം എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**<u>ബി.എഡ് മൂല്യനിർണ്ണയം: പ്രിൻസിപ്പൽമാരുടെ യോഗം</u>**

ബി.എഡ്. പരീക്ഷകളുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം മാർച്ച് 27ന് ഉച്ചയ്ക്ക് 2.30ന് സർവ്വകലാശാലാ സിൽവർ ജൂബിലി പരീക്ഷാ ഭവനിലെ 201-ാം നമ്പർ മുറിയിൽ വച്ച് നടത്തുന്നതാണ്. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ പങ്കെടുക്കേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**